# സുലൈഖ ആശുപത്രിയിൽ 'ഡയമണ്ട് ഡ്രിൽ' ശസ്ത്രക്രിയ വിജയകരം


ഡോ. ഫയാസ്

ദുബൈ: ഹൃദയം തുറക്കാതെ സങ്കീർണ സ്വഭാവത്തിലുള്ള ശാസ്ത്രക്രിയ ദുബൈയിൽ വിജയകരമായി പൂർത്തീകരിച്ചു. ദുബൈ സുലൈഖ ഹോസ്പിറ്റലാണ് ഹൃദ്രോഗ ചികിൽസാരംഗത്ത് പുതിയൊരു കാൽവെപ്പെന്നോണം ഇതിന് നേതൃത്വം നൽകിയത്. ഡോ. ഫയാസ് ഷാളിൻെറ നേതൃത്വത്തിലായിരുന്നു ശസ്ത്രക്രിയ.

'ഡയമണ്ട് ഡ്രിൽ' എന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് ഹൃദയം തുറക്കാതെ ഹൃദയ ധമനികളിലുള്ള തടസ്സം നീക്കുന്ന ശസ്ത്രക്രിയയാണിത്. കഠിനവും ദൃഢവുമായ കാൽസിഫൈഡ് തടസം കാരണം ജീവൻ അപകടത്തിലായവർക്കുപോലും 'ഡയമണ്ട് ഡ്രിൽ' ഏറെ ആശാവഹമാണ്.

ഡയമണ്ട് വ്യവസായ പ്രമുഖനായ 59കാരൻ ഹർഷദ് മേത്തയാണ് യു.എ.ഇയിൽ ആദ്യമായി ഡയമണ്ട് ഡ്രില്ലിന് വിധേയനായത്. ഹൃദയധമനികളിൽ ഒന്നിലധികം തടസവുമായി വിഷമാവസ്ഥയിലായിരുന്ന ഹർഷദ് മേത്ത ജനുവരി 29ന് ഡയമണ്ട് ഡ്രില്ലിന് വിധേയനായി. ശസ്ത്രക്രിയ കഴിഞ്ഞ് 24 മണിക്കൂറിനകം ഇയാൾ ഹോസ്പിറ്റൽ വിടുകയും ചെയ്തു.

1990ൽ അമേരിക്കയിൽ ഡോ. ഡേവിഡ് ഓത്ത് രൂപപ്പെടുത്തിയ ഡയമണ്ട് ഡ്രിൽ വിദ്യയിൽ ഡോ. ഫയാസ് ഏറെ പ്രഗൽഭനാണ്. ഇതിനകം 2000ലധികം ഇത്തരം ശാസ്ത്രക്രിയകൾ ഡോക്ടറുടെ മേൽനോട്ടത്തിൽ നടന്നിട്ടുണ്ട്. വാഷിംഗ്ടണിലെ ഹൃദ്രോഗ വിഭാഗം കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഡോ. ഫയാസ് സുലൈഖ ഹോസ്പിറ്റലിൽ ചീഫ് ഇൻറർവെൻഷനൽ കാർഡിയോളജിസ്റ്റുകൂടിയാണ്.